(സി) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി 12,196 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനാണ് അനുവാദം ചോദിച്ചിരുന്നത്.

(ഡി) കേന്ദ്ര സർക്കാർ 7693.2257 ഹെക്ടർ ഭൂമി നൽകുവാൻ സമ്മതിച്ചിട്ടുണ്ട്. (നിബന്ധനകൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്). 6-2-2004-ലാണ് നിർദ്ദേശം അടങ്ങിയ കേന്ദ്ര സർക്കാരിന്റെ കത്ത് സംസ്ഥാന സർക്കാരിന് ലഭിച്ചത്.†

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ ഡ്രൈവിംഗ് പരിശീലനം

127 [290] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-2002, 2002-2003 വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനത്തിന് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര പേരെ ഡ്രൈവിംഗ് പരിശീലനത്തിന് തെരഞ്ഞെടുത്തു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളെ തെരഞ്ഞെടുത്തത് എങ്ങനെയാണ്;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് പരിശീലനം നടത്തിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഓരോ സ്ഥാപനവും എത്ര പേർക്ക് വീതം പരിശീലനം നൽകിയെന്നും ഓരോ സ്ഥാപനവും ഫീസിനത്തിൽ എത്ര രൂപ വീതം നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

പിന്നോക്ക-പട്ടികജാതിക്ഷേമ ദുരിതാശ്വാസ നിധിയിൽ നിന്നും പാലക്കാട് ജില്ലയിൽ നൽകിയ ധനസഹായം

128 [291] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി പിന്നോക്ക-പട്ടികജാതിക്ഷേമ ദുരിതാശ്വാസ നിധിയിൽ നിന്നും പാലക്കാട് ജില്ലയിൽ എത്രയാളുകൾക്ക് സഹായം നൽകി; ഇതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വെളിപ്പെടുത്താമോ;

(സി) നാളിതുവരെ പാലക്കാട് ജില്ലയിൽ നിന്ന് എത്ര അപേക്ഷകരാണ് ധനസഹായത്തിന് അപേക്ഷ നൽകിയിരുന്നത്; ഇതിൽ എത്ര പേർക്ക് ധനസഹായം നൽകി;

(ഡി) ധനസഹായം നൽകാതെ അപേക്ഷകൾ നിരസിക്കാറുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം ഇതുവരെ നിരസിച്ചു;

(ഇ) ധനസഹായം നൽകുന്നതിന് ഇന്നേദിവസം വരെ എത്ര അപേക്ഷകൾ പരിഗണനയിലുണ്ട്?

ഉത്തരം

(എ) പട്ടികജാതി വികസനവകുപ്പിൽ നിന്നും 253 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

1.	മണ്ണാർക്കാട്	..	16
2.	ചിറ്റൂർ	..	28
3.	ആലത്തൂർ	..	22
4.	കുഴൽമന്ദം	..	10
5.	പാലക്കാട്	..	21
6.	ഒറ്റപ്പാലം	..	32
7.	കൊല്ലങ്കോട്	..	26
8.	പട്ടാമ്പി	..	55
9.	തൃത്താല	..	22
10.	ശ്രീകൃഷ്ണപുരം	..	13
11.	മലമ്പുഴ	..	8
	ആകെ	..	253

പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും 43 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

കൊല്ലങ്കോട്	..	2
മണ്ണാർക്കാട്	..	41
ആകെ	..	43

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാൻസർ, ദീർഘകാലം ചികിൽസ ആവശ്യമായി വരുന്ന രോഗങ്ങൾ, ചെലവു കൂടിയ ശസ്ത്രക്രിയ, ഡയാലിസിസ് എന്നിവമൂലം കഷ്ടത അനുഭവിക്കുന്നവർക്കും, പ്രകൃതിക്ഷോഭം, തീപിടുത്തം എന്നിവ മൂലം കഷ്ടത അനുഭവിക്കുന്നവർക്കും ധനസഹായം ലഭിക്കുന്നതിനായി ജാതി, വരുമാനം, മെഡിക്കൽ സർട്ടിഫിക്കറ്റ് മുതലായവ ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിനുശേഷം ചികിൽസാ ധനസഹായമായി പരമാവധി 25,000 രൂപയും പ്രകൃതിക്ഷോഭം, തീപിടുത്തം എന്നിവ മൂലം കഷ്ടതയനുഭവിക്കുന്നവർക്ക് പരമാവധി 10,000 രൂപയും അനുവദിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 25,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

മറ്റേതെങ്കിലും ഏജൻസികളിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ അപ്രകാരം ലഭിച്ച തുക കുറവ് ചെയ്ത് ബാക്കി തുക ആവശ്യമെങ്കിൽ അനുവദിച്ച് നൽകുന്നതാണ്.

(സി) പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായത്തിനായി 329 പേർ അപേക്ഷ സമർപ്പിച്ചതിൽ 253 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ധനസഹായത്തിനായി 48 പേർ അപേക്ഷ നൽകിയതിൽ 43 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) മതിയായ രേഖകൾ ഇല്ലാത്തതും അന്വേഷണത്തിൽ അർഹതയില്ലെന്നു കാണുന്നതുമായ അപേക്ഷകൾ മാത്രമാണ് നിരസിക്കാറുള്ളത്. നിരസിച്ച അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ഇ) പട്ടികജാതി വികസന വകുപ്പിൽ 76 അപേക്ഷകളും പട്ടികവർഗ്ഗ വികസന വകുപ്പിൽ 5 അപേക്ഷകളും പരിഗണനയിലുണ്ട്.

പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന്റെ റീജിയണൽ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി

129 [292] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷന്റെ ഒരു റീജിയണൽ ഓഫീസ് പത്തനംതിട്ട ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പന്തളത്ത് സ്ഥിതിചെയ്യുന്ന പട്ടികജാതി വികസന റീജിയണൽ ഓഫീസുമായി ബന്ധപ്പെടുത്തി മേൽപ്പറഞ്ഞ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) പരിവർത്തിത ക്രൈസ്തവർക്ക് എന്തൊക്കെ പദ്ധതികളാണ് പുതുതായി ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly